# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോയിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. പിറ്റിഎ/പി 23/1/22 12/927/202 1

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 23/01/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോയിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കോയിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോയിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ), പത്തനംതിട്ട
3)ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ. പിറ്റിഎ/പി 23/1/22 തീയ്യതി: 23/01/2022
12/927/2021

## പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2019 മുതൽ 12-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഹബീബ് മുഹമ്മദ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-12-2021 | 27-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 27-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അഡ്വ. ആർ കൃഷ്ണകുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി അനു.സി.എസ്സ് | സെക്രട്ടറി | 01-04-2019 | 25-02-2020 |
| ശ്രീ വേണുഗോപാൽ എസ്സ് | സെക്രട്ടറി | 26-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി നാദിറാ ബീഗം | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി അമ്പിളി കെ.യു. | പട്ടിക ജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ആൻ ഡാർലി വർഗ്ഗീസ് | സി.ഡി.പി.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി അമ്പിളി സി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 31-03-2020 |
| ഡോ. അജിത പി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീമതി അജിതാദേവി പി | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീകല കെ.ജി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ബിന്ദു.എസ്.കരുണാകരൻ | അസിസ്റ്റന്റ് എൻജിനിയർ | 01-04-2019 | 31-07-2019 |
| ശ്രീമതി അരുൺകുമാർ ആർ | അസിസ്റ്റന്റ് എൻജിനിയർ | 01-08-2019 | 02-10-2019 |
| ശ്രീ ശ്രീജിത്ത് എസ്സ് | അസിസ്റ്റന്റ് എൻജിനിയർ | 03-10-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: SINDHUMOL V N (Auditor, On 18-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Arun P B (Senior Grade Auditor, On 18-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Arun P B (Senior Grade Auditor, On 29-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Arun P B (Senior Grade Auditor, On 29-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Arun P B (Senior Grade Auditor, On 18-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-8 |
| 9 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-നടപടികളിലെ അപാകതകൾ<br>Written By: Arun P B (Senior Grade Auditor, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-9 |
| 10 | സി.സി.റ്റി.വി. സ്ഥാപിക്കൽ-18 ലക്ഷം രൂപ മുടങ്ങിക്കിടക്കുന്നു<br>Written By: Arun P B (Senior Grade Auditor, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-10 |
| 11 | വിവിധ നിക്ഷേപ പ്രവൃത്തികൾ-41.66 ലക്ഷം രൂപ മുടങ്ങിക്കിടക്കുന്നു<br>Written By: Arun P B (Senior Grade Auditor, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-11 |
| 12 | സംയുക്ത പദ്ധതികൾക്ക് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല<br>Written By: Arun P B (Senior Grade Auditor, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-12 |
| 13 | തുടർ സാക്ഷരതാ പദ്ധതി-പഠിതാക്കളുടെ രേഖകൾ ലഭ്യമല്ല<br>Written By: Arun P B (Senior Grade Auditor, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-13 |
| 14 | കുലിച്ചെലവ് സബ്സിഡി-നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Arun P B (Senior Grade Auditor, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-14 |

| | | |
|---|---|---|
| 15 | ഗ്രൂപ്പുകൾക്ക് കാർഷികോപകരണങ്ങൾ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Arun P B (Senior Grade Auditor, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-15 |
| 16 | കാർഷിക വിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Arun P B (Senior Grade Auditor, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-16 |
| 17 | വനിതകൾക്ക് ബ്രോയിലർ യൂണിറ്റ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Arun P B (Senior Grade Auditor, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-17 |
| 18 | മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: SINDHUMOL V N (Auditor, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-18 |
| 19 | അനർഹമായ സബ്സിഡി<br>Written By: Veena C (Asst. Audit Officer, On 29-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 1-19 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| | Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Veena C (Asst. Audit Officer, On 18-12-2021)<br>Last Updated By: Johncy John (Computer Assistant, On 10-01-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ്

2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 28.02.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 19.03.2020-ൽ അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ട്രഷറി റ്റി.എസ്.ബി. അക്കൗണ്ടിന്റെ നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യപത്രിക പ്രകാരം 65,23,202 രൂപയും ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 68,97,802 രൂപയുമാണ്. നീക്കിയിരിപ്പ് തുകകളിലെ വ്യത്യാസം റിക്കൺസിലേഷൻ നടത്തി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് (ബി4) എ.സി.ആർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുവാൻ ആയിട്ടില്ല.

3. ബി9 ഷെഡ്യൂൾ പ്രകാരം വാറ്റ് ഇനത്തിൽ 9234 രൂപ ഒടുക്കുവാൻ അവശേഷിക്കുന്നു.

4. ആസ്തികളുടെ ഡിപ്രീസിയേഷൻ ഇനത്തിൽ 2018-19 സാമ്പത്തിക വർഷത്തിലെ അതേ തുക തന്നെയാണ് 2019-20 സാമ്പത്തിക വർഷത്തിലും ഉൾപ്പെടുത്തിയിരിക്കുന്നത്.

5. Receivables Towards Other Receipts (Arrear) ഇനത്തിൽ (ബി15) (-) 64,954 രൂപ കാണിച്ചിരിക്കുന്നു. തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

6. പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളിൽ ഷെഡ്യൂൾ ബി18 പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ 14,50,764 രൂപയും കെ.എസ്.ഇ.ബി-യിൽ 12,31,359 രൂപയുമാണ് അവശേഷിക്കുന്നത്. എന്നാൽ 2019-20 സാമ്പത്തിക വർഷം മാത്രം ടി സ്ഥാപനങ്ങളിൽ യഥാക്രമം 23,70,264 രൂപയും 17,96,687 രൂപയും നിക്ഷേപിച്ചിട്ടുണ്ട്. ടി തുകകളുടെ പൂർത്തീകരണ പത്രം ലഭ്യമായിട്ടുമില്ല.

7. ഔദ്യോഗിക ആവശ്യങ്ങൾക്ക് താൽക്കാലിക മുൻകൂർ ആയി (ബി18) നൽകിയ5,78,435 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. തുകയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടിട്ടില്ല.

8. Capital Work In Progress ഇനത്തിൽ വാർഷിക ധനകാര്യപത്രികയിൽ 25,95,930 രൂപ കാണിച്ചിട്ടുണ്ട്. തുകയുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12,003,666 |
| വരവ് | 37,227,632 |
| ആകെ | 49,231,298 |
| ചെലവ് | 39,230,118 |
| നീക്കിയിരിപ്പ് | 10,001,180 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | ലാപ്സായ തുക | ക്യൂബിൽ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 29280000 | 29280000 | 20486601 | 3378660 | 5414739 |
| വികസന ഫണ്ട്-എസ്.സി.പി | 11662000 | 11662000 | 8002175 | 1967238 | 1692587 |
| വികസന ഫണ്ട്-ടി.എസ്.പി | 340000 | 340000 | 335000 | 5000 | - |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 3829000 | 3829000 | 2268339 | 598655 | 962006 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 82 | 64089284 | 56 | 31780050 | 26 | 68.29 |

വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.

മെയിന്റനൻസ് പ്ലാൻ തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

നിക്ഷേപ പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നില്ല.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന തീയതിയിൽ 21.12.21 2.30 PM- ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലായെന്ന് ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
ബിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
പ്രൊക്യൂർമെന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയുടെ പരിപാലനം തൃപ്തികരമല്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.03.2021 മുതൽ 10.03.2021 വരെ | 2019-20 മുതൽ 28.02.2021 വരെ | 27.07.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.05.2019 മുതൽ 16.05.2019 വരെ | 2014-15 മുതൽ 2018-19 വരെ | 06.06.2019 |

## 1-9 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-നടപടികളിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് റോഡിതര മെയിന്റനൻസ് ഫണ്ട് വകയിരുത്തി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2018-19 സാമ്പത്തിക വർഷം രൂപീകരിച്ച പദ്ധതിയുടെ (നം. 150/19) ഭാഗമായി ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും അനുബന്ധ സൗകര്യം ഒരുക്കുന്നതിനുമായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ ഇനങ്ങൾക്ക് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ചെസ് നട്ട് ഐ.റ്റി. ഗ്യാലറി വെണ്ണിക്കുളം, അവലോൺ സിസ്റ്റംസ് കോട്ടയം എന്നീ സ്ഥാപനങ്ങളിൽ നിന്ന് 5 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ, 1 ഫോട്ടോ കോപ്പിയർ, 5 പ്രിന്റർ, 1 സെർവർ സിസ്റ്റം, 5 കമ്പ്യൂട്ടർ ടേബിൾ & ചെയർ എന്നിവ വാങ്ങി. എന്നാൽ തൻ വർഷം മെയിന്റനൻസ് ഫണ്ടിൽ നിന്ന് തുക മാറി നൽകുവാൻ കഴിഞ്ഞില്ല. തുടർന്ന് 2019-20 സാമ്പത്തിക വർഷം ടി പദ്ധതി സ്പിൽ ഓവറായി നിലനിർത്തിയതുമില്ല. ഈ സാഹചര്യത്തിൽ, മേൽ പദ്ധതി പ്രകാരമുള്ള ചെലവ് തുക നൽകുന്നതിന് 2019-20 സാമ്പത്തിക വർഷം തനത് ഫണ്ട് വകയിരുത്തി (4,15,000 രൂപ) പുതിയ പദ്ധതി (നം. 154/20) രൂപീകരിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തുക മാറി നൽകി (ചെസ് നട്ട് ഐ.റ്റി. ഗ്യാലറി വെണ്ണിക്കുളം-3,32,000 രൂപ(ബിൽ നം-120/06.12.2019), അവലോൺ സിസ്റ്റംസ് കോട്ടയം - 82,500 രൂപ(ബിൽ നം-159/11.02.2020). പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ടായി.

A) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ഓപ്പൺ ടെണ്ടർ ക്ഷണിക്കുമ്പോൾ ടെണ്ടർ പരസ്യം ചെയ്ത തീയതി മുതൽ മിനിമം 21 ദിവസം ടെണ്ടർ സമർപ്പിക്കുന്നതിനായി

അനുവദിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, 05.02.2019-ന് ടെണ്ടർ ക്ഷണിച്ചിട്ട് കേവലം 6 ദിവസങ്ങൾ മാത്രമാണ് ടെണ്ടർ സമർപ്പിക്കുന്നതിനായി അനുവദിച്ച് നൽകിയത്. ടെണ്ടർ രേഖകൾ സമർപ്പിക്കുന്നതിന് മതിയായ സമയം അനുവദിച്ച് നൽകാതിരിക്കുന്നത് ടെണ്ടർ നടപടിയുടെ മത്സര സ്വഭാവം നഷ്ടപ്പെടുന്നതിന് ഇടയാക്കുകയും ഗുണമേന്മയുള്ള സാധനങ്ങളും സേവനങ്ങളും കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്നത് നഷ്ടപ്പെടുവാൻ കാരണമാവുകയും ചെയ്യും.

B) 2017-ലെ ചരക്ക് സേവന നികുതി നിയമം, വകുപ്പ് 51(1) പ്രകാരം, ഒരു കരാർ അടിസ്ഥാനത്തിൽ നികുതി ബാധകമായ ചരക്ക് വാങ്ങുമ്പോൾ കരാർ തുക ജി.എസ്.റ്റി. ഉൾപ്പെടാതെ 2.50 ലക്ഷം രൂപയിൽ അധികരിച്ചാൽ ജി.എസ്.റ്റി. ഒഴികെയുള്ള തുകയിൽ നിന്ന് 2% തുക റ്റി.ഡി.എസ്. ഇനമായി കിഴിവ് ചെയ്യേണ്ടതാണ്. എന്നാൽ ചെസ് നട്ട് ഐ.റ്റി. ഗ്യാലറി വെണ്ണിക്കുളത്തിന് നൽകിയ 3,32,000 രൂപയുടെ ബില്ലിൽ നിന്ന് നിയമപ്രകാരം ടി.ഡി.എസ്സ് കുറവ് ചെയ്തിട്ടില്ല.

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനായി ഭരണസമിതിയുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 സി.സി.റ്റി.വി. സ്ഥാപിക്കൽ-18 ലക്ഷം രൂപ മുടങ്ങിക്കിടക്കുന്നു

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ മാരാമൺ ചിറയിറമ്പ് ഭാഗത്ത് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി സി.സി.ടി.വി സ്ഥാപിക്കുവാൻ വേണ്ടി 18,00,400 രൂപ വികസന ഫണ്ട് വകയിരുത്തി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പദ്ധതി രൂപീകരിക്കുകയും (നം. 150/20) 18,00,400 രൂപ(ബിൽ നം-79/31.03.2020) പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് സബ് ഡിവിഷൻ (കോട്ടയം) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ടി പദ്ധതിയ്ക്കായി തയ്യാറാക്കി നൽകിയ 33,37,988 രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമാണ് പദ്ധതി നിർവ്വഹണത്തിനായി തുക ടി ഓഫീസിലേക്ക് നൽകിയിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

A) സി.സി.ടി.വി സ്ഥാപിക്കുന്നതിനായി പദ്ധതികൾ ഏറ്റെടുക്കുന്നതിന് പദ്ധതി രൂപീകരണ/സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതി നേടാതെ ഇത്തരത്തിലുള്ള പദ്ധതി രൂപീകരിച്ച് തുക ചെലവ് ചെയ്തത് ക്രമപ്രകാരമല്ല.

B) എസ്റ്റിമേറ്റ് പ്രകാരം അവശേഷിക്കുന്ന തുക നൽകുന്നതിന് 2020-21 സാമ്പത്തിക വർഷം പദ്ധതി രൂപീകരിച്ചെങ്കിലും ജില്ലാ ശുചിത്വ മിഷൻ പദ്ധതി നിർവ്വഹണത്തിന് അനുമതി നിഷേധിച്ചു. ആയതിനാൽ പദ്ധതി പാതി വഴിയിൽ ഉപേക്ഷിച്ച അവസ്ഥയിലാണ്. ഡെപ്പോസിറ്റ് ചെയ്ത തുക പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് സബ് ഡിവിഷനിൽ മുടങ്ങിക്കിടക്കുന്നു. പദ്ധതി പൂർത്തീകരിക്കുകയോ നിക്ഷേപിച്ച തുക നാളിതുവരെ തിരികെ ലഭിക്കുകയോ ചെയ്തിട്ടില്ല.

C) പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് സബ് ഡിവിഷനിൽ തുക മുൻകൂറായി ഡെപ്പോസിറ്റ് ചെയ്തപ്പോൾ നിർവ്വഹണ ഏജൻസിയുമായി ബ്ലോക്ക് പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടില്ല.

D) പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് സബ് ഡിവിഷനിൽ മുടങ്ങിക്കിടക്കുന്ന തുക തിരികെ ലഭിക്കുന്നതിനോ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ പദ്ധതി പൂർത്തീകരിക്കുന്നതിനോ സ്വീകരിച്ചുവരുന്ന തുടർനടപടിയുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഇതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ, തുക തിരികെ ലഭിക്കുന്നതിന് കത്തിടപാടുകൾ നടന്നുവരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

സി.സി.ടി.വി സ്ഥാപിക്കുന്നതിന് വേണ്ടി സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ തുക ചെലവഴിച്ചതിനാലും പദ്ധതി പൂർത്തീകരിക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ചതിനാലും ചെലവ് തുക 18,00,400 രൂപ തടസ്സപ്പെടുത്തുന്നു.

## 1-11 വിവിധ നിക്ഷേപ പ്രവൃത്തികൾ-41.66 ലക്ഷം രൂപ മുടങ്ങിക്കിടക്കുന്നു

KSEB, KWA എന്നീ നിർവ്വഹണ ഏജൻസികൾ മുഖേന വിവിധ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷം താഴെപ്പറയുന്ന തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഏജൻസി | പദ്ധതിയുടെ പേര് | ഡെപ്പോസിറ്റ് തുക | അപാകതകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | KSEB | വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ, SO 52/20 – Spill Over<br>വികസന ഫണ്ട് ജനറൽ | 279660 | നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. |
| 2 | KSEB | വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ, SO 57/20 – Spill Over<br>പ്രത്യേക ഘടക പദ്ധതി ഫണ്ട് | 45045 | നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. സാമൂഹ്യ ഭൂപടം, ഫീസിബിലിറ്റി സർട്ടിഫിക്കേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 3 | KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, SO 61/20 – Spill Over<br>പ്രത്യേക ഘടക പദ്ധതി ഫണ്ട് | 239835 | നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. സാമൂഹ്യ ഭൂപടം, ഫീസിബിലിറ്റി സർട്ടിഫിക്കേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 4 | KWA | വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ, SO 50/20 – Spill Over<br>വികസന ഫണ്ട് ജനറൽ | 279807 | നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. |
| 5 | KWA | വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ, SO 51/20 – Spill Over<br>വികസന ഫണ്ട് ജനറൽ | 279897 | നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. |
| 6 | KWA | വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ, SO 53/20 – Spill Over | 279897 | നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. |

| | | | | |
|---|---|---|---|---|
| | | വികസന ഫണ്ട് ജനറൽ | | |
| 7 | KWA | വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ, SO 54/20 – Spill Over<br>വികസന ഫണ്ട് ജനറൽ | 79899 | നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. |
| 8 | KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>SO 122/20 – പ്രത്യേക ഘടക പദ്ധതി ഫണ്ട് | 1297764 | നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല, പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. സാമൂഹ്യ ഭൂപടം, ഫീസിബിലിറ്റി സർട്ടിഫിക്കേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 9 | KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>SO 30/20 – വികസന ഫണ്ട് ജനറൽ | 153000 | നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. |
| 10 | KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ<br>SO 31/20 - വികസന ഫണ്ട് ജനറൽ | 1036973 | നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. |
| 11 | KSEB | ലൈൻ എക്സ്റ്റൻഷൻ<br>SO 118/20 – പ്രത്യേക ഘടക പദ്ധതി ഫണ്ട് | 195174 | നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. പട്ടികജാതി വികസന ഓഫീസറിൽ നിന്ന് ഫീസിബിലിറ്റി സർട്ടിഫിക്കേറ്റ് ഹാജരാക്കിയിട്ടില്ല. |
| ആകെ തുക | | | 41,66,951 (KSEB-1796687 , KWA-23,70,264) | |

നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ തുക മുൻകൂറായി നൽകുമ്പോൾ അവരുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതും പദ്ധതിയുടെ നിർവ്വഹണം, പൂർത്തീകരണം എന്നിവ സംബന്ധിച്ച് മോണിട്ടറിംഗ് കമ്മിറ്റി കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്. സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, പൈപ്പ് ലൈൻ നീട്ടൽ എന്നീ പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്ത് തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ സമാനമായ പദ്ധതികൾക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ തുക വിനിയോഗിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 സംയുക്ത പദ്ധതികൾക്ക് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്തമായി പദ്ധതികൾ നിർവ്വഹിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ വിവരം | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 1 | ലൈഫ് ഭവന നിർമ്മാണം, SO 16/20<br>അടങ്കൽ - 77,95,656 (വികസന ഫണ്ട്) | 77,33,514 | ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്ക് എത്ര രൂപ വീതമാണ് നൽകിയിട്ടുള്ളത് എന്നുള്ള വിവരം ലഭ്യമല്ല. ഗ്രാമപഞ്ചായത്തുകളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 2 | ലൈഫ് ഭവന പദ്ധതി, SO 17/20<br>അടങ്കൽ - 23,75,200 (SCSP) | 17,69,907 | ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്ക് എത്ര രൂപ വീതമാണ് നൽകിയിട്ടുള്ളത് എന്നുള്ള വിവരം ലഭ്യമല്ല. ഗ്രാമപഞ്ചായത്തുകളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 3 | പുറമറ്റം ജംഗ്ഷനിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ, SO 67/20<br>അടങ്കൽ - 2,50,000 (വികസന ഫണ്ട്)<br>Spill Over | 2,50,000 | ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 4 | പുറമറ്റം മാർക്കറ്റിൽ സ്റ്റാൾ നിർമ്മാണവും നവീകരണവും- ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ, SO 66/20, Spill Over<br>അടങ്കൽ - 7,93,198 (വികസന ഫണ്ട്) | 7,93,198 | ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം-4/27.12.2021) മറുപടി ലഭ്യമാക്കിയില്ല. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും അപാകതകൾക്ക് മറുപടിയും ലഭ്യമാക്കേണ്ടതാണ്.

## 1-13 തുടർ സാക്ഷരതാ പദ്ധതി-പഠിതാക്കളുടെ രേഖകൾ ലഭ്യമല്ല

തുടർ സാക്ഷരതാ പദ്ധതിയുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷം (പ്രോ. നം. 106/20) ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന് രജിസ്റ്റർ ചെയ്ത 20 പഠിതാക്കൾക്കുള്ള കോഴ്സ് ഫീസ് ഇനത്തിൽ 50,000 രൂപ (ബിൽ നം. 56/18.01.20) പൊതു വിഭാഗം വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് സാക്ഷരതാ മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. സാക്ഷരതാ പ്രേരകിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് പദ്ധതി പ്രകാരം തുക നൽകിയിട്ടുള്ളത്. എന്നാൽ ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന് രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ വിവരവും നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമല്ല. ഇവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-14 കൂലിച്ചെലവ് സബ്സിഡി-നിർവ്വഹണത്തിലെ അപാകതകൾ

I. നെൽകൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥയായി രൂപീകരിച്ച പദ്ധതിയുടെ ഭാഗമായി 40,800 രൂപ(ബിൽനം-238/18.03.2020, പ്രോ.നം.07/20, വികസനഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. ടി തുക ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഇരവിപേരൂർ ഗ്രാമപഞ്ചായത്തിനാണ് നൽകിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

IIപച്ചക്കറി കൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥയായി രൂപീകരിച്ച പദ്ധതിയുടെ ഭാഗമായി 2,12,500 രൂപ (പ്രോ.നം. 08/20, വികസന ഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. ടി തുക ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി കോയിപ്രം, എഴുമറ്റൂർ, ഇരവിപേരൂർ, പുറമറ്റം, തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തുകൾക്കാണ് (42,500 രൂപ വീതം) നൽകിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച്, വിനിയോഗ സാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-15 ഗ്രൂപ്പുകൾക്ക് കാർഷികോപകരണങ്ങൾ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പുരുഷന്മാരുടെ ഗ്രൂപ്പുകൾക്ക് കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥയായി 5,42,500 രൂപ വികസന ഫണ്ടും 66,500 രൂപ ഗുണഭോക്തൃ വിഹിതവും വകയിരുത്തി പദ്ധതി രൂപീകരിക്കുകയും (നം. 112/20) അത്രയും തുക തന്നെ വികസന ഫണ്ട്, ഗുണഭോക്തൃവിഹിതം ഇനങ്ങളിൽ പദ്ധതിയ്ക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വനിതാ ഗ്രൂപ്പുകൾക്ക് കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് 8,69,263 രൂപ വികസന ഫണ്ടും 1,10,000 രൂപ ഗുണഭോക്തൃ വിഹിതവും വകയിരുത്തി പദ്ധതി രൂപീകരിക്കുകയും (നം. 159/20) തൻവർഷം 45,500 വികസന ഫണ്ട് ഇനത്തിലും 5500രൂപ ഗുണഭോക്തൃവിഹിതം ഇനത്തിലും പദ്ധതിയ്ക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 11 പുരുഷ ഗ്രൂപ്പുകൾക്കും 1 വനിതാ ഗ്രൂപ്പിനുമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. KAICO-യിൽ നിന്ന് ബ്രഷ് കട്ടർ, പവർ സ്പ്രേയർ എന്നീ ഉപകരണങ്ങളാണ് ഗ്രൂപ്പുകൾക്ക് വാങ്ങി നൽകിയിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

A) പദ്ധതിയുടെ ഭാഗമായി കർഷക ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തിട്ടുള്ള യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസർമാരിൽ നിക്ഷിപ്തമാണ്. പ്രസ്തുത സാഹചര്യത്തിൽ, ഉപകരണങ്ങൾ ശരിയായി സംരക്ഷിക്കപ്പെടുന്നുണ്ടെന്നും പൊതു കാർഷിക ആവശ്യങ്ങൾക്ക് മാത്രമാണ് ഉപയോഗിക്കപ്പെടുന്നതെന്നും ഉറപ്പുവരുത്തുന്നതിന് തുടർനടപടികളോ മോണിട്ടറിംഗ് സംവിധാനമോ നിലവിലില്ല. ഇത് സംബന്ധിച്ച് കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്.

B) കൃഷി ഭവനുകൾ അടക്കമുള്ള പൊതു സംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്നും കൂടുതൽ കാർഷിക യന്ത്രങ്ങൾ കർഷകർക്ക് വാങ്ങി നൽകേണ്ടത് ആവശ്യമാണെന്നും ബോധ്യപ്പെട്ട് കൃഷി ഓഫീസർമാർ റിപ്പോർട്ട് ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.

C) കർഷക ഗ്രൂപ്പുകൾക്കായി നൽകുന്ന കാർഷിക ഉപകരണങ്ങൾ സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശം പാലിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ അവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. ഗ്രൂപ്പുകൾക്ക് കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ സമാന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇത്തരം അപാകതകൾ ആവർത്തിക്കാതെ ഇരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.വ്യക്തമായ മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് പരാമർശം തീർപ്പാക്കുന്നതാണ്.

## 1-16 കാർഷിക വിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

കാർഷിക വിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ(നം. 09/20) എന്ന പദ്ധതിയുടെ ഭാഗമായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ 5,00,000 രൂപ വികസന ഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിക്കുകയും അത്രയും തന്നെ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക വിപണന കേന്ദ്രങ്ങൾക്ക് അനുയോജ്യമായ രീതിയിൽ സ്ഥായിയായ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

A) പദ്ധതിയുടെ ഭാഗമായി ആനുകൂല്യം ലഭിച്ച കാർഷിക വിപണന കേന്ദ്രങ്ങളിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതയെക്കുറിച്ചും ഇവരുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ആവശ്യമായിട്ടുള്ളത് എന്നതിനെക്കുറിച്ചും ബന്ധപ്പെട്ട കൃഷി ഓഫീസർമാരോ നിർവ്വഹണ ഉദ്യോഗസ്ഥനോ റിപ്പോർട്ട് ചെയ്തിട്ടില്ല. കാർഷിക വിപണന കേന്ദ്രങ്ങൾ സമർപ്പിച്ച ചെലവ് രേഖകൾക്ക് അനുസരിച്ച് ആനുകൂല്യം നൽകുകയാണ് ചെയ്തിട്ടുള്ളത്.

B) കുറിയന്നൂർ കാർഷിക വികസന സമിതിയ്ക്ക് (തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്) അടിസ്ഥാന സൗകര്യ വികസനത്തിനായി 75,000 രൂപ(ബിൽ നം 12/20.01.2020) നൽകിയിട്ടുണ്ട്. എക്കോ ഷോപ്പ് നിർമ്മാണത്തിന് 85,000 രൂപ ചെലവായതായുള്ള വാല്യുവേഷൻ സർട്ടിഫിക്കേറ്റ് (ഓവർസിയർ, തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്) മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല.

C) എഴുമറ്റൂർ ഹരിത സംഘത്തിന് അടിസ്ഥാന സൗകര്യ വികസനത്തിനായി 1,50,000 രൂപ(ബിൽ നം 11/20.01.2020) നൽകിയിട്ടുണ്ട്. എന്നാൽ ടി സംഘം ബ്ലോക്ക് പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

D) കോയിപ്രം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷന് അടിസ്ഥാന സൗകര്യ വികസനത്തിനായി 1,50,000 രൂപ(ബിൽ നം 13/20.01.2020) നൽകിയിട്ടുണ്ട്. അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട ചെലവിന്റെ വാല്യുവേഷൻ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

E) അക്ഷയ വെജിറ്റബിൾ ക്ലസ്റ്റർ അയിരൂരിന് അടിസ്ഥാന സൗകര്യ വികസനത്തിനായി 1,00,000 രൂപ(ബിൽ നം 10/20.01.2020) നൽകിയിട്ടുണ്ട്. എന്നാൽ ടി സംഘം ബ്ലോക്ക് പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

കാർഷിക വിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിന് പദ്ധതിയുടെ ഭാഗമായി അനുവദിച്ച തുക വിനിയോഗിച്ചിട്ടുള്ളത് പൂർണ്ണമായും ഫലപ്രദമായ രീതിയിൽ തന്നെയാണെന്നും അടിസ്ഥാന സൗകര്യ വികസനം വിപണന കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ മെച്ചപ്പെടുത്തിയിട്ടുണ്ടെന്നും നിലവിൽ വിപണന കേന്ദ്രങ്ങൾ മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടില്ല. മോണിട്ടറിംഗ് സമിതി റിപ്പോർട്ടിന്റെ അഭാവത്തിൽ, പദ്ധതി വിഭാവനം ചെയ്ത രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെടുവാൻ സാധിച്ചിട്ടില്ല. ഈ വിഷയത്തിൽ ഭരണവകുപ്പുതലത്തിൽ വിശദമായ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-17 വനിതകൾക്ക് ബ്രോയിലർ യൂണിറ്റ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ബ്ലോക്ക് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും കുറഞ്ഞത് 10 അംഗങ്ങളെങ്കിലും ഉള്ളതുമായ വനിതാ ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് ബ്രോയിലർ യൂണിറ്റ് തുടങ്ങുന്നതിന് ധനസഹായം നൽകുവാൻ ഉദ്ദേശിച്ച് സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷം 132/18 നമ്പരായി രൂപീകരിച്ച പദ്ധതി പ്രകാരം 5,00,000 രൂപ വികസന ഫണ്ട് വകയിരുത്തിയിരുന്നു. എന്നാൽ തൻ വർഷം നിർവ്വഹണം നടത്തുവാൻ സാധിക്കാതിരുന്നതിനാൽ 2018-19 സാമ്പത്തിക വർഷം സ്പിൽ ഓവറായി ടി പദ്ധതി നിലനിർത്തിയെങ്കിലും നടപ്പാക്കാനായില്ല. തുടർന്ന് 2019-20 സാമ്പത്തിക വർഷത്തിൽ വീണ്ടും സ്പിൽ ഓവറായി നിലനിർത്തി (പ്രോ.നം. 55/20) 2,50,000 രൂപ സെനീത്ത് വനിതാ ആക്ടിവിറ്റി ഗ്രൂപ്പിന് നൽകിയിട്ടുണ്ട്. ബ്രോയിലർ ഷെഡ് നിർമ്മാണത്തിന് 50% (പരമാവധി 1,25,000 രൂപ), ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളെ വാങ്ങുന്നതിന് 50% (പരമാവധി 1,25,000 രൂപ) എന്ന രീതിയിലാണ് സബ്സിഡി തുക ക്രമീകരിച്ചിട്ടുള്ളത്. ബാക്കിത്തുക ബാങ്ക് ലോൺ ഇനത്തിൽ ഗ്രൂപ്പുകൾ സമാഹരിക്കുന്നു. ഗ്രൂപ്പുകളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് സബ്സിഡിത്തുക അനുവദിച്ച് നൽകിയിട്ടുള്ളത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

A) ഒരു പദ്ധതി അത് സ്പിൽ ഓവർ ആകുന്ന സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ടി പദ്ധതി പ്രകാരം 2,50,000 രൂപ ചെലവഴിച്ചത് 3-ാം സാമ്പത്തിക വർഷമാണ്. പദ്ധതി രൂപീകരിച്ച് 3-ാം വർഷങ്ങൾക്ക് ശേഷം മാത്രമാണ് ഗ്രൂപ്പുകളെ കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് കൃത്യമായ ആസൂത്രണം ഉണ്ടായിട്ടില്ലായെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു.

B) ഉൽപ്പാദന മേഖലയിൽ മൃഗസംരക്ഷണത്തിൽ ഉൾപ്പെടുത്തിയാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഉൽപ്പാദന മേഖലയിൽ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് ബ്രോയിലർ യൂണിറ്റിന് ആനുകൂല്യം നൽകുമ്പോൾ കോഴിക്കുഞ്ഞുങ്ങളെ വളർത്തുവാനുള്ള ഷെഡും മാലിന്യ സംസ്കരണ സംവിധാനവും ഒരുക്കേണ്ട ചുമതല ഗുണഭോക്താവിനാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതിപ്രകാരം 1,25,000 രൂപ ഷെഡ് നിർമ്മാണത്തിന് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

C) സെനീത്ത് വനിതാ ആക്ടിവിറ്റി ഗ്രൂപ്പ് പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിന്റെ കരീലമുക്ക് ബ്രാഞ്ചിൽ തുടങ്ങിയ അക്കൗണ്ടിലേക്കാണ് (401310101003288) സബ്സിഡിത്തുക 2,50,000 രൂപ (ബിൽ നം 16/05.04.2018) അനുവദിച്ച് നൽകിയിട്ടുള്ളത്. ഷെഡ് നിർമ്മാണത്തിനും കോഴിക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനും കൂടി അനുവദിച്ച തുക പൂർണ്ണമായി സ്ഥാപനം കൈപ്പറ്റിയിട്ടുണ്ടോയെന്നുള്ള വിവരം ഫയലിൽ ലഭ്യമല്ല.

D) കോയിപ്രം വെറ്ററിനറി ഹോസ്പിറ്റലിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ 29.03.2021-ന് സെനീത്ത് വനിതാ ആക്ടിവിറ്റി ഗ്രൂപ്പിന്റെ കോഴിവളർത്തൽ കേന്ദ്രം സന്ദർശിച്ച് നൽകിയ റിപ്പോർട്ട് പ്രകാരം ബ്രോയിലർ കോഴികളെയല്ല പകരം മുട്ടക്കോഴികളെയാണ് ടി സ്ഥാപനത്തിൽ വളർത്തുന്നതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബ്രോയിലർ യൂണിറ്റിന് സർക്കാർ ആനുകൂല്യം കൈപ്പറ്റിയ ശേഷം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നത് ടി സ്ഥാപനം ബ്ലോക്ക് പഞ്ചായത്തുമായി ഏർപ്പെട്ടിരിക്കുന്ന കരാർ വ്യവസ്ഥകളുടെ ലംഘനമാണ്. ഇത് ബോധ്യപ്പെട്ടതിന് ശേഷം കരാർ ലംഘനം നടത്തിയ ടി സ്ഥാപനത്തിന് എതിരെ നിർവ്വഹണ ഉദ്യോഗസ്ഥൻ തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

E) പ്രോജക്റ്റിന്റെ പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് കമ്മിറ്റി പരിശോധിക്കുകയോ റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

വനിതാ ശാക്തീകരണത്തിനും വനിതകളുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനുമായി ആരംഭിച്ച ടി പദ്ധതി ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് അപാകതകൾ നിലനിൽക്കുന്നതിനാലും പദ്ധതി ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാലും പൂർത്തീകരണം സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമല്ലാത്തതിനാലും ചെലവ് തുക 2,50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 മരുന്നുകൾ ലഭ്യമായിട്ടില്ല

2019-20സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ S0043/20പദ്ധതിയുടെ ഭാഗമായി മരുന്ന്, ലാബ് റീ ഏജന്റ് ഇവ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ. ന് 100000 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനത്തിൽ നിന്നും മരുന്നുകൾ ലഭിച്ചതിന്റെ ഇൻവോയിസ് , അവ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നം. & പേര് | ബിൽ നം & തീയതി | അടച്ച തുക |
|---|---|---|
| S0043/20 സി.എച്ച്.സി.-യ്ക്ക് മരുന്ന വാങ്ങൽ | 19050963014000769400 11/11/2019 | 13016 |
| അടങ്കൽ - 150000 ചെലവ് - 145282 | 19050963014000989088 18/12/2019 | 86984 |

| | |
|---|---|
| ആകെ | 100000 |

മരുന്നുകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 അനർഹമായ സബ്സിഡി

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ വനിതകൾക്ക് ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ് എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 58/20(70/19) |
| പ്രോജക്ടിന്റെ പേര് | വനിതകൾക്ക് ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ് |
| അടങ്കൽ | 750000(വികസനഫണ്ട്) |
| ചെലവ് | 750000 |
| ബിൽ നം/തീയതി തുക | 18/05.04.2019-145775(ഐശ്വര്യ ബേക്കിംഗ് യൂണിറ്റ്)<br>17/05.04.2019-159562(ദീപം ആക്ടിവിറ്റി ഗ്രൂപ്പ്)<br>148/22.03.2019-144663(സ്നേഹാ ആക്ടിവിറ്റി ഗ്രൂപ്പ്)+300000(തനിമ ആക്ടിവിറ്റി ഗ്രൂപ്പ്) |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ളതും 5 അംഗങ്ങൾ ഉൾപ്പെട്ടിട്ടുള്ളതുമായ 4 വനിതാ ഗ്രൂപ്പുകൾക്കാണ് ചെറുകിട വ്യവസായം എന്ന നിലയിൽ ഫുഡ് പ്രോസസ്സിംഗ് യൂണിറ്റുകൾ തുടങ്ങുന്നതിനായി ധനസഹായം നൽകിയിട്ടുള്ളത്.സബ്സിഡി മാർഗ്ഗരേഖ ഖ6.4 പ്രകാരം ഗ്രൂപ്പംഗങ്ങളുടെ കുടുംബ വാർഷിക വരുമാന പരിധി ജനറൽ വിഭാഗത്തിന് 200000, പട്ടികജാതി വിഭാഗത്തിന് 300000 എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തി.

- വാർഷിക വരുമാനം സംബന്ധിച്ച മാർഗ്ഗരേഖാ വ്യവസ്ഥ പാലിച്ചിട്ടില്ല. ഐശ്വര്യ ബേക്കിംഗ് യൂണിറ്റ് അംഗമായ ശ്രീമതി ബിന്ദു .കെ.യു. ഹാജരാക്കിയ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം ടിയാളുടെ വാർഷിക വരുമാനം 240000 രൂപയാണ്. മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കാതെ ജനറൽ വിഭാഗത്തിലുൾപ്പെട്ട ടിയാളെ ഗ്രൂപ്പിൽ ഉൾപ്പെടുത്തിയതിന്റെ മാനദണ്ഡം വ്യക്തമല്ല.
- ദീപംആക്ടിവിറ്റി ഗ്രൂപ്പിന് കരാർ ചമയ്ക്കാതെയാണ് ധനസഹായം നൽകിയിട്ടുള്ളത്.
- മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ഇല്ല. നിലവിൽ ഗ്രൂപ്പുകൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ ഇല്ല.

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിയ്ക്ക്(3/18.12.2021) മറുപടിയായി, ഐശ്വര്യ ബേക്കിംഗ് യൂണിറ്റംഗമായ ശ്രീമതി ബിന്ദു ഹാജരാക്കിയ റേഷൻകാർഡിൽ ടിയാളുടെ വാർഷിക വരുമാനം പരിധി ലംഘിച്ചിരുന്നില്ലെന്നും ടിയാൾ പിന്നീട് ഹാജരാക്കിയ വരുമാന സർട്ടിഫിക്കറ്റിലെ വരുമാനം പരിശോധിക്കാതിരുന്നതിനാലാണ് ഇപ്രകാരമൊരു പിഴവ് സംഭവിച്ചതെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിന് ഉചിതമായ തുടർ നടപടികൾ കൈക്കൊള്ളാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കരാർ ചമയ്ക്കാതെ ദീപം ആക്ടിവിറ്റി ഗ്രൂപ്പിന് ധനസഹായം നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മോണിട്ടറിംഗ് സമിതി രൂപീകരിച്ച് ഗ്രൂപ്പുകളുടെ പ്രവർത്തനം നിരീക്ഷിക്കേണ്ടതാണ്. അടിയന്തിരമായി തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾ

KSEB, KWA എന്നീ നിർവ്വഹണ ഏജൻസികൾ മുഖേന വിവിധ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷം താഴെപ്പറയുന്ന തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടേയും വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | നിർവ്വഹണ ഏജൻസി | പദ്ധതിയുടെ പേര് | ഡെപ്പോസിറ്റ് തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | KSEB | വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ, SO 52/20 – Spill Over<br>വികസന ഫണ്ട് ജനറൽ | 279660 | 0 | 279660 |
| 2 | KSEB | വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ, SO 57/20 – Spill Over<br>പ്രത്യേക ഘടക പദ്ധതി ഫണ്ട് | 45045 | 0 | 45045 |
| 3 | KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, SO 61/20 - Spill Over<br>പ്രത്യേക ഘടക പദ്ധതി ഫണ്ട് | 239835 | 0 | 239835 |
| 4 | KWA | വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ, SO 50/20 – Spill Over<br>വികസന ഫണ്ട് ജനറൽ | 279807 | 0 | 279807 |
| 5 | KWA | വിവിധ സ്ഥലങ്ങളിൽ | 279897 | 0 | 279897 |

| | | | | | |
|---|---|---|---|---|---|
| | | ഡെപ്പോസിറ്റ് പ്രവൃത്തികൾ, SO 51/20 – Spill Over<br>വികസന ഫണ്ട് ജനറൽ | | | |
| 6 | KWA | വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ, SO 53/20 – Spill Over<br>വികസന ഫണ്ട് ജനറൽ | 279897 | 0 | 279897 |
| 7 | KWA | വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ, SO 54/20 – Spill Over<br>വികസന ഫണ്ട് ജനറൽ | 79899 | 0 | 79899 |
| 8 | KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>SO 122/20 – പ്രത്യേക ഘടക പദ്ധതി ഫണ്ട് | 1297764 | 0 | 1297764 |
| 9 | KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>SO 30/20 – വികസന ഫണ്ട് ജനറൽ | 153000 | 0 | 153000 |
| 10 | KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ<br>SO 31/20 - വികസന ഫണ്ട് ജനറൽ | 1036973 | 0 | 1036973 |
| 11 | KSEB | ലൈൻ എക്സ്റ്റൻഷൻ<br>SO 118/20 – പ്രത്യേക ഘടക പദ്ധതി ഫണ്ട് | 195174 | 0 | 195174 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 16 | 2001-02 | V-3-8-1 | അഡ്വാൻസ് വാങ്ങി പണി ചെയ്യാതിരുന്നത് | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 3-4, 3-5 | 2001-02 | V-3-8-1 | അരിപ്പൊടി, മുളക്പൊടി യൂണിററുകൾക്ക് നൽകിയ തുക അംഗീകരിക്കുന്നില്ല | തീർപ്പാക്കിയിട്ടില്ല |

### 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

### 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 49231298 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 39230118 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2050400 |

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 1800400 | ശ്രീ വേണുഗോപാൽ എസ്സ്, സെക്രട്ടറി |
| 1-17 | 250000 | ഡോ.സുരേഷ് കുമാർ പിള്ള വെറ്ററിനറി സർജൻ |
| ആകെ | 2050400 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ വേണുഗോപാൽ .എസ്സ്, സെക്രട്ടറി | റിട്ടയേർഡ് | അഞ്ജലി വാകത്താനം കോട്ടയം |
| ഡോ. സുരേഷ് കുമാർ പിള്ള, സീനിയർ വെറ്ററിനറി സർജൻ | സീനിയർ വെറ്ററിനറി സർജൻ കോയിപ്രം | മഴവഞ്ചേരിൽ കടപ്ര കുമ്പനാട് പിൻ-689547 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി5-866/99 തീയതി 31-01-01 | 1 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി5-708/02 തീയതി 05-03-04 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി6-257/06 തീയതി 05-03-07 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി6-881/07 തീയതി 07-06-08 | 8 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി6-882/07തീയതി 07-06-08 | 1 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി3-704/09 തീയതി 13-05-11 | 1 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി2-564/11 തീയതി 13-12-11 | 1 |
| 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ-പി2-113/13 തീയതി 03-09-13 | 2 |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി2-211/14 തീയതി 12-09-14 | 5 |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി2-124/15 തീയതി 06-06-15 | 5 |
| 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി2-320/2016 തീയതി: 22.03.2016 | 8 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി13-335/2017 തീയതി: 06.05.17 22.03.2016 | 11 |
| 2016-17 | നം.കെ.എസ്.എ.പി.റ്റി.എ.പി12-1302/2017 തീയതി: 07.12.2017 | 14 |
| 2017-18 | നം.കെ.എസ്.എ.പി.റ്റി.എ.പി12-343/2019 തീയതി: 07.06.2019 | 12 |
| 2018-19 | നം.കെ.എസ്.എ.പി.റ്റി.എ.പി12/863/2019 തീയതി 11.10.2019 | 9 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്